**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.2509**

**23.01.2014 ൽ**
**മറുപടിയ്ക്ക്**

## പുനർജനി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ; | (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) ഒരു എഡ്യൂക്കേഷൻ പ്രോഗ്രാമായ പുനർജനി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. സാമൂഹ്യ പ്രവർത്തനത്തിലൂടെ വ്യക്തിത്വവികാസം സാദ്ധ്യമാക്കുക.<br>2.വിദ്യാർത്ഥികളുടെ സാമൂഹ്യബോധം വളർത്തി അവരെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.<br>3. രാജ്യത്തിന്റെ വികസനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് ബോധ്യപ്പെടുത്തുക.<br>4.പ്രതിബദ്ധതയുള്ള ഏത് തൊഴിലിലും മഹത്വം കണ്ടെത്തുന്ന ഉയർന്ന വ്യക്തിത്വമുള്ള യുവ തലമുറയെ വാർത്തെടുക്കുക.<br>5.സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളിൽ പരിമിതമായ അവസ്ഥ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം തേടുക.<br>6.മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടെ 40 സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. |

| | |
|---|---|
| (സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ; | (സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപണി ചെയ്യുന്നതിനുമായുള്ള പ്രവർത്തനങ്ങൾക്ക് കോ-ഓർഡിനേറ്റർ, അസി. കോ ഓർഡിനേറ്റർ, കൺവീനർമാർ എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് നേതൃത്വം നൽകുന്നത്.<br>സർവ്വേ ടീമിനെ തെരഞ്ഞെടുത്ത് സർവ്വേ നടത്തി നടപ്പാക്കാനുള്ള ആശുപത്രികളെ തെരെഞ്ഞെടുക്കുകയും അതാത് ആശുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരിക്കും പദ്ധതി നിർവ്വാഹക സമിതി.<br>തെരഞ്ഞെടുത്ത ആശുപത്രികളെക്കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടി വരുന്ന അറ്റകുറ്റ പണികൾ, മറ്റ് ജോലികൾ അതിനാവശ്യമായ വിഭവങ്ങൾ ( മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണ ഉണ്ടാക്കുക. വിഭവ സമാഹരണം നടത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക, പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജന സംഘടനകളെ പദ്ധതിയുടെ ആവശ്യകത ബോധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ.എസ്.എസ് വോളണ്ടിയർമാരേയും 25 സ്റ്റാഫിനെയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അഡീഷണൽ ടെക്നിക്കൽ സർവ്വീസ് ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു. |
| (ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ? | (ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും, നാഷണൽ സർവ്വീസ് സ്കീം ടെക്നിക്കൽ സെൽ കേരളയുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്. |

കേരളത്തിലെ 14 ജില്ലകളിൽ നിന്നും പദ്ധതിയുടെ സേവനം ഏറ്റവും ആവശ്യമുള്ള സർക്കാർ ആശുപത്രികളെ . ഏറ്റെടുത്താണ് പ്രോജക്ട് നടപ്പാക്കിയത്. 6 മാസത്തിനുള്ളിൽ 14 ജില്ലകളിലായി 40 ആശുപത്രികളിൽ ഈ പദ്ധതി നടപ്പിലാക്കി. ഇതിന്റെ പ്രവർത്തനം കഴിഞ്ഞ് എൻ.എസ്.എസ് ടെക്നിക്കൽ സെൽ റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് പദ്ധതിയുടെ വിലയിരുത്തൽ നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ